ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 15.05.2024** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. ലോക്സഭാ തിരഞ്ഞെടുപ്പിൻറെ വരും ഘട്ടങ്ങളിലേയ്ക്കുള്ള പ്രചാരണം രാജ്യത്ത് പുരോഗമിക്കുന്നു. പ്രമുഖ മുന്നണികളുടെ മുതിർന്ന നേതാക്കൾ പ്രചാരണത്തിൽ സജീവം. അഞ്ചാംഘട്ട വോട്ടെടുപ്പ് ഈ മാസം 20 ന്.

   **Campaigning for the remaining phases of Lok Sabha elections intensifies; Top leaders campaign for their party candidates and alliance ; The fifth phase of polling is on 20th of this month.**

2. പുതുക്കിയ പൗരത്വഭേദഗതി നിയമപ്രകാരം 14 പേർക്ക് പൗരത്വ സർട്ടിഫിക്കറ്റ് നൽകി കേന്ദ്ര സർക്കാർ.

   **Centre issues first set of 14 citizenship certificates under CAA**

3. തന്ത്രപ്രധാനമായ ഇറാനിയൻ തുറമുഖം ഛബഹാർ, മുഴുവൻ മേഖലയ്ക്കും ഗുണം ചെയ്യുമെന്നും, സങ്കുചിത വീക്ഷണം പാടില്ലെന്നും വിദേശകാര്യ മന്ത്രി എസ് ജയശങ്കർ.

External Affairs Minister S Jaishankar says Chabahar port will benefit entire region and a narrow view should not be taken of it.

4. കേരളത്തിൽ അടുത്ത ഒരാഴ്ച വരെ വേനൽമഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്; കടലാക്രമണ സാധ്യത കണക്കിലെടുത്ത് തീരദേശവാസികൾക്ക് ജാഗ്രതാ നിർദേശം.

   IMD says summer rains are likely in Kerala till next week; Warning to coastal residents due to the possibility of sea attack.

5. ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് രാജസ്ഥാൻ റോയൽസ്- പഞ്ചാബ് കിങ്സ് പോരാട്ടം.

   In IPL Rajasthan Royals take on Punjab Kings today.

&&&&&&&&&&&&&&&&&&

## CAMPAIGN (INTRO)

ലോക്സഭാ തെരഞ്ഞെടുപ്പിന്റെ വരുംഘട്ടങ്ങളിലേക്കുള്ള പ്രചാരണ പരിപാടികൾ ശക്തമായി പുരോഗമിക്കുന്നു. പ്രധാന മുന്നണികളിലെ പ്രമുഖ നേതാക്കളെല്ലാം പ്രചാരണരംഗത്ത് സജീവമാണ്.

വിശദാംശങ്ങളിലേയ്ക്ക്..

(വോയ്സ്)

പ്രധാനമന്ത്രിയും മുതിർന്ന ബിജെപി നേതാവുമായ നരേന്ദ്ര മോദി ഇന്ന് മഹാരാഷ്ട്രയിലെ നാസിക് ജില്ലയിലെ ദിൻഡോറിയിൽ തിരഞ്ഞെടുപ്പ് റാലിയെ അഭിസംബോധന ചെയ്യു. കൊവിഡ് മഹാമാരിയെ രാജ്യം നേരിട്ട രീതിയെ ലോകം അഭിനന്ദിച്ചെന്ന് ചടങ്ങിൽ സംസാരിച്ച മോദി പറഞ്ഞു. കർഷകർ, യുവാക്കൾ, സ്ത്രീകൾ, പിന്നാക്കക്കാർ എന്നിവരുടെ

ക്ഷേമത്തിനായി എൻഡിഎ സർക്കാർ പ്രതിജ്ഞാബദ്ധമാണെന്നും മോദി പറഞ്ഞു.
കേന്ദ്ര ആഭ്യന്തര മന്ത്രിയും മുതിർന്ന ബിജെപി നേതാവുമായ അമിത് ഷാ, പശ്ചിമ ബംഗാളിലെ ഹൂഗ്ലിയിൽ റാലിയെ അഭിസംബോധന ചെയ്യും. അനുച്ഛേദം 370 റദ്ദാക്കിയതിനെ കുറിച്ച് സംസാരിച്ച ഷാ പാകിസ്ഥാൻ അധിനിവേശ ജമ്മു കശ്മീർ തിരിച്ചെടുക്കാൻ പ്രതിജ്ഞാബദ്ധമാണെന്നും അഭിപ്രായപ്പെട്ടു. ഉത്തർപ്രദേശിൽ മുതിർന്ന ബിജെപി നേതാവും സംസ്ഥാന മുഖ്യമന്ത്രിയുമായ യോഗി ആദിത്യനാഥ് ഇന്ന് ഹമീർപൂർ മണ്ഡലത്തിൽ റാലിയെ അഭിസംബോധന ചെയ്യും. മുതിർന്ന കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധി ഇന്ന് ഒഡീഷയിലെ ബലംഗീറിൽ ബൈക്ക് റാലിയിൽ പങ്കെടുത്ത് തിരഞ്ഞെടുപ്പ് റാലിയെ അഭിസംബോധന ചെയ്യും. ജൂൺ 4 ന് പൊതുതെരഞ്ഞെടുപ്പ് ഫലം പ്രഖ്യാപിച്ചതിന് ശേഷം കേന്ദ്രത്തിൽ INDI സഖ്യം സർക്കാർ രൂപീകരിക്കുമെന്ന് രാഹുൽ ഗാന്ധി ആത്മവിശ്വാസം പ്രകടിപ്പിച്ചു. കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെ , കോൺഗ്രസ് ജനറൽ സെക്രട്ടറി പ്രിയങ്ക ഗാന്ധി, ഹിമാചൽ പ്രദേശ് മുഖ്യമന്ത്രി സുഖ്‌വീന്ദർ സിംഗ് സുഖു, എന്നിവർ രാഹുലിന് വേണ്ടി റായ്ബറേലിയിൽ പ്രചാരണം തുടരുകയാണ്. മുതിർന്ന ബിജെപി നേതാവും പ്രതിരോധ മന്ത്രിയുമായ രാജ്നാഥ് സിംഗ്, ബിജെപി ദേശീയ അധ്യക്ഷൻ ജെപി നദ്ദ, സമാജ്‌വാദി പാർട്ടി അധ്യക്ഷൻ അഖിലേഷ് യാദവ് എന്നിവരും പ്രചാരണത്തിൽ സജീവമാണ്.
ന്യൂസ് ഡസ്ക് ആകാശവാണി.

&&&&&&&&&&&&&&&&&&

## LAST PHASE NOMINATIONS

ഏഴാം ഘട്ട ലോക്സഭാ തിരഞ്ഞെടുപ്പിനായുള്ള നാമനിർദ്ദേശ പത്രികകളുടെ സൂക്ഷ്മ പരിശോധന പൂർത്തിയായി. വെള്ളിയാഴ്ചയാണ് പത്രിക പിൻവലിക്കാനുള്ള

അവസാനദിനം. ഏഴ് സംസ്ഥാനങ്ങളിലെയും ഒരു കേന്ദ്രഭരണ പ്രദേശത്തെയും 57 മണ്ഡലങ്ങളിലാണ് ജൂൺ ഒന്നിന് ഏഴാം ഘട്ടത്തിൽ വോട്ടെടുപ്പ് നടക്കുക.

&&&&&&&&&&&&&&&&&&

## EC - POLL PREPARATION

ലോക്സഭാ തെരഞ്ഞെടുപ്പിൻ്റെ അഞ്ച്, ആറ് ഘട്ടങ്ങളുടെ ഒരുക്കങ്ങൾ തിരഞ്ഞെടുപ്പ് കമ്മീഷൻ അവലോകനം ചെയ്തു. മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ രാജീവ് കുമാർ, തിരഞ്ഞെടുപ്പ് കമ്മീഷണർമാരായ ഗ്യാനേഷ് കുമാർ, സുഖ്ബീർ സിംഗ് സന്ധു എന്നിവർ നിരീക്ഷകരുമായി വിദൂരദൃശ്യ സംവിധാനത്തിലൂടെയാണ് സംവദിച്ചത്. ഈ മാസം 20 ന് അഞ്ചാം ഘട്ടവും 25 ന് ആറാം ഘട്ടവും നടക്കും.

&&&&&&&&&&&&&&&&&&

## EC - ANDHRA PRADESH

ആന്ധ്രാപ്രദേശിൽ തെരഞ്ഞെടുപ്പിന് ശേഷമുണ്ടായ അക്രമങ്ങളിൽ വിശദീകരണം ആവശ്യപ്പെട്ട് തിരഞ്ഞെടുപ്പ് കമ്മീഷൻ. അക്രമം തടയുന്നതിൽ ഭരണകൂടത്തിനുണ്ടായ വീഴ്ച വിശദീകരിക്കാൻ ആന്ധ്രാപ്രദേശ് ചീഫ് സെക്രട്ടറിയെയും, സംസ്ഥാന പോലീസ് മേധാവിയേയും തിരഞ്ഞെടുപ്പ് കമ്മീഷൻ വിളിച്ചുവരുത്തി. ജനാധിപത്യത്തിൽ അക്രമത്തിന് യാതൊരുവിധ സാധുതയുമില്ലായെന്ന് തിരഞ്ഞെടുപ്പ് കമ്മീഷൻ ആവർത്തിച്ചു.

&&&&&&&&&&&&&&&&&&

## CAA-CITIZENSHIP

പുതുക്കിയ പൗരത്വ ഭേദഗതി നിയമപ്രകാരം 14 പേർക്ക്, കേന്ദ്രസർക്കാർ പൗരത്വ സർട്ടിഫിക്കറ്റ് നൽകി. കേന്ദ്ര ആഭ്യന്തര സെക്രട്ടറി അജയ് കുമാർ ഭല്ലയാണ് അപേക്ഷകർക്ക് പൗരത്വ സർട്ടിഫിക്കറ്റ് കൈമാറിയത്. ഭേദഗതി ചെയ്യപ്പെട്ട ചട്ടപ്രകാരം, പാകിസ്ഥാൻ, ബംഗ്ലാദേശ്,

അഫ്ഘാനിസ്ഥാൻ എന്നിവിടങ്ങളിൽ നിന്ന് 2014 ഡിസംബർ 31 വരെ ഇന്ത്യയിൽ പ്രവേശിച്ച ഹിന്ദു, സിഖ്, ജൈന, ബുദ്ധ, പാഴ്സി, ക്രിസ്ത്യൻ വിഭാഗങ്ങളിൽ നിന്നുള്ളവരിൽ നിന്നാണ് അപേക്ഷകൾ സ്വീകരിച്ചത്.

&&&&&&&&&&&&&&&&&&&

## JAISHANKAR – CHABAHAR

മധ്യേഷ്യയുമായുള്ള വ്യാപാരം വിപുലീകരിക്കാൻ രാജ്യത്തെ സഹായിക്കുന്ന തന്ത്രപ്രധാനമായ ഇറാനിയൻ തുറമുഖം ഛബഹാർ മുഴുവൻ മേഖലയ്ക്കും ഗുണം ചെയ്യുമെന്നും സങ്കുചിത വീക്ഷണം പാടില്ലെന്നും വിദേശകാര്യ മന്ത്രി എസ് ജയശങ്കർ. ഛബഹാർ തുറമുഖത്തിന് വലിയ പ്രസക്തി ഉണ്ടെന്ന് മുൻകാലങ്ങളിൽ അമേരിക്ക പോലും അംഗീകരിച്ചിരുന്നെന്ന് കൊൽക്കത്തയിൽ നടന്ന പരിപാടിയിൽ സംസാരിക്കവെ, അദ്ദേഹം പറഞ്ഞു. തന്ത്രപ്രധാനമായ ഇറാനിയൻ തുറമുഖമായ ഛബഹാർ പ്രവർത്തിപ്പിക്കുന്നതിനുള്ള 10 വർഷത്തെ കരാറിൽ ഇന്ത്യ തിങ്കളാഴ്ച ഒപ്പുവച്ചതിന് പിന്നാലെ ഇറാനുമായി ബിസിനസ് ഇടപാടുകൾ നടത്തുന്ന ഏതൊരു രാജ്യത്തിനുമേലും ഉപരോധത്തിന് സാധ്യതയുണ്ടെന്ന് യുഎസ് മുന്നറിയിപ്പ് നൽകിയിരുന്നു.

&&&&&&&&&&&&&&&&&&&

## SISODIA CUSTODY

ഡൽഹി മദ്യനയ അഴിമതിക്കേസുമായി ബന്ധപ്പെട്ട് മുൻ ഉപമുഖ്യമന്ത്രി മനീഷ് സിസോദിയയുടെ കസ്റ്റഡി കാലാവധി ഈ മാസം 30 വരെ ഡൽഹി കോടതി നീട്ടി. സിസോദിയയെ പ്രതികളിലൊരാളായി ഉൾപ്പെടുത്തി സെൻട്രൽ ബ്യൂറോ ഓഫ് ഇൻവെസ്റ്റിഗേഷനാണ് കേസ് രജിസ്റ്റർ ചെയ്തത്. പ്രത്യേക ജഡ്ജി കാവേരി ബവേജയാണ് സിസോദിയയുടെ കസ്റ്റഡി കാലാവധി നീട്ടിയത്. ജുഡീഷ്യൽ കസ്റ്റഡി കാലാവധി അവസാനിച്ചതിനെ

തുടർന്ന് വീഡിയോ കോൺഫറൻസിലൂടെയാണ് സിസോദിയ കോടതിയിൽ ഹാജരായത്.

&&&&&&&&&&&&&&&&&&

## RAJASTHAN MINE RESCUE

രാജസ്ഥാനിലെ നീം കാ താന ജില്ലയിൽ ഖനിക്കുള്ളിൽ കുടുങ്ങിയ 15 ഹിന്ദുസ്ഥാൻ കോപ്പർ ലിമിറ്റഡ് ഉദ്യോഗസ്ഥരെയും പുറത്തെത്തിച്ചു. ഇതിൽ ഒരാൾ മരിച്ചതായാണ് റിപ്പോർട്ട്. ഇന്നലെ രാത്രി ലിഫ്റ്റിന്റെ കയർ പൊട്ടിയതിനെത്തുടർന്നാണ് ഉദ്യോഗസ്ഥർ ഖനിക്കുള്ളിൽ കുടുങ്ങിയത്. രക്ഷപ്പെടുത്തിയ 14 പേരെ ചികിത്സയ്ക്കായി ജയ്പ്പൂരിലെ എസ് എം എസ് ആശുപത്രിയിലേക്ക് കൊണ്ടുപോയതായി നീം കാ താന കളക്ടർ ശരദ് മെഹ്റ പറഞ്ഞു. കോലിഹാൻ ഖനിയിൽ 577 മീറ്റർ താഴ്ചയിലാണ് ജീവനക്കാർ കുടുങ്ങിയത്.

&&&&&&&&&&&&&&&&&&

## INDIA - ANIL KALE

ഗാസയിലെ യുഎൻ ഡിപ്പാർട്ട്മെൻ്റ് ഓഫ് സേഫ്റ്റി ആൻഡ് സെക്യൂരിറ്റിയിലെ, സെക്യൂരിറ്റി കോർഡിനേഷൻ ഓഫീസർ കേണൽ വൈഭവ് അനിൽ കാലെയുടെ നിര്യാണത്തിൽ ഇന്ത്യ ദുഃഖം രേഖപ്പെടുത്തി. മൃതദേഹം നാട്ടിലെത്തിക്കുന്നതിന് ഇന്ത്യ എല്ലാ സഹായവും നൽകുന്നുണ്ടെന്ന് വിദേശകാര്യ മന്ത്രാലയം അറിയിച്ചു. തിങ്കളാഴ്ചയാണ് കേണൽ വൈഭവ് അനിൽ കാലെയ്ക്ക് ഗാസയിൽ ജീവൻ നഷ്ടമായത്.

&&&&&&&&&&&&&&&&&&

## IMD - HEAT WAVE

രാജസ്ഥാൻ, പഞ്ചാബ്, ഹരിയാന, ഉത്തർപ്രദേശ് എന്നിവിടങ്ങളിൽ നാളെ മുതൽ ഉഷ്ണതരംഗം ആരംഭിക്കാൻ സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. അടുത്ത രണ്ട് ദിവസങ്ങളിൽ ഗുജറാത്ത്, കൊങ്കൺ, സൗരാഷ്ട്ര, കച്ച് എന്നിവിടങ്ങളിലും ശനി, ഞായർ ദിവസങ്ങളിൽ ഡൽഹി,

ജാർഖണ്ഡ്, പശ്ചിമ ബംഗാൾ, ഒഡീഷ എന്നിവിടങ്ങളിലും ഉഷ്ണതരംഗാവസ്ഥ പ്രവചിച്ചിട്ടുണ്ട്.

&&&&&&&&&&&&&&&&&&

## IMD-Kerala

കാലവർഷം ഞായറാഴ്ചയോടെ തെക്ക് കിഴക്കൻ ബംഗാൾ ഉൾക്കടലിലും,ആൻഡമാൻ കടലിലും, നിക്കോബാർ ദ്വീപിലും എത്തിച്ചേരാൻ സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ചക്രവാതചുഴിയുടേയും ന്യൂമർദ്ദ പാത്തിയുടേയും സ്വാധീനത്താൽ സംസ്ഥാനത്ത് അടുത്ത ഏഴ് ദിവസം ഇടിമിന്നലോടും ശക്തമായ കാറ്റോടും കൂടിയ മഴയ്ക്ക് സാധ്യതയുണ്ട്. ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയുള്ളതിനാൽ ഒൻപത് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതാ നിർദേശം നൽകിയിട്ടുണ്ട്. കേരളതീരത്ത് ഇന്നും നാളെയും മണിക്കൂറിൽ ശക്തമായ കാറ്റിനും മോശം കാലാവസ്ഥയ്ക്കും സാധ്യതയുള്ളതിനാൽ മത്സ്യത്തൊഴിലാളികൾ കടലിൽ പോകരുതെന്നും നിർദേശമുണ്ട്. ഇന്ന് രാത്രി വരെ ഉയർന്ന തിരമാലയ്ക്കും കടലാക്രമണത്തിനും സാധ്യതയുള്ളതിനാൽ തീരദേശവാസികൾ ജാഗ്രത പാലിക്കണം. ലക്ഷദ്വീപിലും വെള്ളിയാഴ്ച വരെ ശക്തമായ മഴ അനുഭവപ്പെടുമെന്ന് മുന്നറിയിപ്പിൽ പറയുന്നു.

&&&&&&&&&&&&&&&&&&

## DRIVING SCHOOL-STRIKE

സംസ്ഥാനത്തെ ഡ്രൈവിംഗ് സ്കൂൾ ഉടമകളുടെ സമരം അവസാനിപ്പിച്ചു. ഗതാഗത മന്ത്രി കെബി ഗണേഷ് കുമാറുമായി ഡ്രൈവിംഗ് സ്കൂൾ ഉടമകളുടെ യൂണിയനുകൾ തിരുവനന്തപുരത്ത് നടത്തിയ ചർച്ചയെ തുടർന്നാണ് സമരം അവസാനിപ്പിച്ചത്. നാളെ മുതൽ ഡ്രൈവിംഗ് ടെസ്റ്റുകൾ പുനരാരംഭിക്കുമെന്ന് മന്ത്രി ഗണേഷ് കുമാർ അറിയിച്ചു.

ഡ്രൈവിംഗ് ടെസ്റ്റ് പരിഷ്കരണവുമായി ബന്ധപ്പെട്ട സർക്കുലറിൽ സർക്കാർ ഇളവ് വരുത്തി. വാഹനത്തിന്റെ കാലപ്പഴക്കം 18 വർഷമാക്കി. പഴയ പോലെ എച്ച് എടുത്തശേഷം മാത്രം റോഡ് ടെസ്റ്റ് നടത്തും.

&&&&&&&&&&&&&&&&&&

## IPL

ഐപിഎൽ ക്രിക്കറ്റിൽ പഞ്ചാബ് കിങ്സിനെതിരെ രാജസ്ഥാൻ റോയൽസിൻറെ ബാറ്റിംഗ് ആരംഭിച്ചു. ടോസ് നേടിയ രാജസ്ഥാൻ റോയൽസ് ബാറ്റിംഗ് തിരഞ്ഞെടുക്കുകയായിരുന്നു.

ഗുവാഹട്ടിയിലാണ് മത്സരം. നിലവിൽ 16 പോയിൻറുമായി രാജസ്ഥാൻ രണ്ടാം സ്ഥാനത്താണ്. പ്ലേ ഓഫിൽ നിന്ന് പഞ്ചാബ് നേരത്തെ തന്നെ പുറത്തായിരുന്നു.

## BHARAT PAVILION – CANNES FESTIVAL

കാൻ ചലച്ചിത്രമേളയിൽ ഭാരത് പവലിയനുമായി ഇന്ത്യ. കേന്ദ്ര വാർത്താവിതരണ പ്രക്ഷേപണ മന്ത്രാലയം സെക്രട്ടറി സഞ്ജയ് ജജുവും ഫ്രാൻസിലെയും മൊണാക്കോയിലെയും ഇന്ത്യൻ അംബാസഡർ ജാവേദ് അഷ്റഫും ചേർന്നാണ് ഭാരത് പവലിയൻ ഉദ്ഘാടനം ചെയ്തത്. കാനിലെ ഭാരത് പവലിയൻ ഇന്ത്യൻ സിനിമാ സമൂഹത്തിന് വിവിധ തലങ്ങളിൽ പ്രവർത്തിക്കാനുള്ള വേദിയൊരുക്കും. അഹമ്മദാബാദിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ ആണ് ഭാരത് പവലിയൻ രൂപകല്പന ചെയ്തിരിക്കുന്നത്.

## INDIA – UAE

ഇന്ത്യ-യുഎഇ കോൺസുലർ സംയുക്ത സമിതിയുടെ അഞ്ചാമത് യോഗം ഇന്നലെ ന്യൂഡൽഹിയിൽ നടന്നു. തൊഴിൽ, വിസ, മൈഗ്രേഷൻ, പൗരത്വം, കൈമാറ്റം തുടങ്ങിയ കോൺസുലർ വിഷയങ്ങളിൽ ഏകോപനവും സഹകരണവും ശക്തിപ്പെടുത്തുന്നതിനുള്ള സംവിധാനങ്ങളെക്കുറിച്ച് ഇരുപക്ഷവും വിപുലമായ ചർച്ചകൾ നടത്തിയതായി

വിദേശകാര്യ മന്ത്രാലയം അറിയിച്ചു. യുഎഇയിലെ ഇന്ത്യൻ തൊഴിലാളികളുടെ ക്ഷേമം ഉറപ്പാക്കാൻ സർക്കാർ സ്വീകരിച്ച വിവിധ നടപടികളെക്കുറിച്ച് യുഎഇ വിഭാഗം വിശദമായ വിശദീകരണം നൽകി. പൗര കേന്ദ്രീകൃത കോൺസുലാർ സംവിധാനങ്ങൾക്കായി തുടർന്നും പ്രവർത്തിക്കാനുള്ള പ്രതിജ്ഞാബദ്ധത ഇരുപക്ഷവും ആവർത്തിച്ചതായി മന്ത്രാലയം അറിയിച്ചു.

&&&&&&&&&&&&&&&&&&

&&&&&&&&&&&&&

&&&&